**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2792** **12-07-2022 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ ജോലികളുടെ നിർവ്വഹണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ കൺവീനർ വ്യവസ്ഥയിൽ ചെയ്തിരുന്ന എല്ലാ ജോലികളും കരാർ വ്യവസ്ഥയിലേക്ക് മാറിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | G.O.(Ms)No. 26/2017/F&WLD dated 20.05.2017 പ്രകാരം വനം വകുപ്പിൽ കൺവീനർ വ്യവസ്ഥയിൽ ചെയ്തിരുന്ന എല്ലാ ജോലികളും കരാർ വ്യവസ്ഥയിലേക്ക് മാറിയിട്ടുണ്ട്. |
| (ബി) | കൺവീനർ വ്യവസ്ഥയിൽ നിന്നും കരാർ വ്യവസ്ഥയിലേക്ക് മാറിയത് ഗുണകരമാണോ എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ; | (ബി) | കരാർ വ്യവസ്ഥ പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികൾ മത്സര സ്വഭാവത്തിലുള്ളതായതിനാൽ കൂടുതൽ സുതാര്യതയും സർക്കാരിന് ധനലാഭവും ഉണ്ടായിട്ടുണ്ട് എന്നുള്ളത് നേട്ടമാണ്. അതേസമയം പ്ലാന്റിംഗ്, ഫെല്ലിംഗ് തുടങ്ങി സമയബന്ധിതമായി പൂർത്തിയാക്കേണ്ട ജോലികൾക്ക് കരാർ സമ്പ്രദായം വഴി നടപ്പിലാക്കുമ്പോൾ സമയ ക്ലിപ്തത പാലിക്കാൻ കഴിയാതെ വരുന്നത് കോട്ടമായി കരുതാം. |
| (സി) | വനം വകുപ്പിലെ തടി/തടിയിതര ഉല്പന്നങ്ങളുടെ ലേലം ഓൺലൈനായിട്ടാണോ നടത്തുന്നത്; നേരിട്ടും ഓൺലൈനായും നടക്കുന്ന ലേലങ്ങളിലെ ലേലത്തുക താരതമ്യം ചെയ്തുനോക്കിയിട്ടുണ്ടോ; എങ്കിൽ ഏതാണ് ലാഭകരമെന്നത് വ്യക്തമാക്കുമോ; | (സി) | G.O.(Rt) No.132/2014/F&WLD dated 18.03.2014 പ്രകാരം 2014 മുതലാണ് തടി/ തടിയിതര ഉൽപ്പന്നങ്ങളുടെ ലേലം ഓൺലൈനായി നടത്തുന്നത്. ഓൺലൈൻ ലേലം നടത്തുന്നതുമൂലം നേരിട്ട് നടത്തുന്ന ലേലങ്ങളെ അപേക്ഷിച്ച് ലേലനടപടികൾ കൂടുതൽ സുതാര്യമാക്കാനും കുറ്റമറ്റതാക്കാനും ലേലക്കാർക്ക് കേരളത്തിനകത്തും പുറത്തും നിന്ന് ലേലത്തിൽ പങ്കെടുക്കാനും കഴിയുന്നതുമൂലം കൂടുതൽ മത്സരാടിസ്ഥാനത്തിൽ ലേലം വിളികൾ നടക്കുകയും ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുകയും ചെയ്യുന്നുണ്ട്. 2014-ന് മുമ്പ് നേരിട്ട് നടന്നിട്ടുള്ള ലേലങ്ങളുടേയും 2014-ന് ശേഷമുള്ള ഓൺലൈൻ ലേലങ്ങളുടേയും വിലകൾ താരതമ്യം ചെയ്യുമ്പോൾ വർഷം തോറും വർദ്ധനവ് ഉണ്ടായിട്ടുള്ളതാണ് കാണുന്നത്. |
| (ഡി) | ഓൺലൈനായി തടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുകയെന്ന് വിശദമാക്കുമോ? | (ഡി) | M/s. MSTC Ltd. മുഖേനയാണ് വനം വകുപ്പിൽ 2014 മുതൽ തടി/തടിയിതര ഉൽപ്പന്നങ്ങളുടെ ഓൺലൈൻ ലേലം നടന്നുവരുന്നത്. ഓൺലൈൻ ലേലത്തിൽ പങ്കെടുക്കുന്നവർ M/s. MSTC Ltd. |

| | | | |
|---|---|---|---|
| | | | മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. ടി രജിസ്ട്രേഷനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും ഓൺലൈൻ ലേലനടപടികൾ വിശദമാക്കി കൊടുക്കുന്നതിനും വനംവകുപ്പിലെ എല്ലാ ടിംബർ സെയിൽസ് ഡിവിഷനുകളിലും ഡിപ്പോകളിലും സൗകര്യം ഏർപ്പെട്ടുത്തിയിട്ടുണ്ട്. ഫോൺ മുഖേന സംശയ ദൂരീകരണത്തിനുള്ള ഹെൽപ്ഡെസ്ക് സൗകര്യം ടി ഓഫീസുകളിൽ ലഭ്യമാണ്. കൂടാതെ പത്രം/ വിഷ്വൽ മീഡിയ/സോഷ്യൽ മീഡിയ/ ബാനർ തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രചാരണം നൽകി ഉപഭോക്താക്കളെ ഇ - ലേലത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികളും ഡിവിഷൻ തലത്തിൽ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ